ശിക്കുന്നത്. പദ്ധതിയുടെ രൂപരേഖ തയാറാക്കി വരുന്നതേയുള്ളു. കൂടാതെ ഹാൻടെക്സിൽ പ്രോജക്ട് ഹാന്റ്ലും ഇന്ത്യ എന്ന പദ്ധതിയിൽ കീഴിൽ നിലവിലുള്ള ജക്കാർഡു സിസ്റ്റം മാറി കമ്പ്യൂട്ടർ സഹായത്തോടു പ്രവർത്തിക്കുന്ന ഇലക്ട്രോമെക്കാനിക്കൽ ജക്കാർഡു സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.

44 (620) ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന വിഷമതകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന വിഷമതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തു തുക ആവശ്യമായി വരും; ആയതിലേക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) കേന്ദ്രഗവൺമെന്റ് സ്വരൂപിച്ചിട്ടുള്ള ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽനിന്നും ഇതിലേക്ക് തുക നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തുക ആവശ്യപ്പെട്ടിട്ടുണ്ട്;

(ഡി) എന്തു തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിൽ, യന്ത്രസാമഗ്രികളുടെ നവീകരണത്തിന്റെ കുറവിനാലും തൊഴിലാളികളുടെ കുറഞ്ഞ ഉല്പാദനക്ഷമതയാലും ഉല്പാദനചെലവുകൾ വർധിക്കുകയും ഉല്പന്നങ്ങളുടെ ഗുണനിലവാരം കുറയുകയും ചെയ്തുവരുന്നു. തൽഫലമായി അവയുടെ പ്രവർത്തനം നഷ്ടത്തിലായിത്തീരുന്നു. ഇതാണ് ടെക്സ്റ്റയിൽ വ്യവസായം അഭിമുഖീകരിക്കുന്ന മുഖ്യമായ പ്രശ്നം.

(ബി) ഒരു നവീകരണ പുനരുദ്ധാരണ പദ്ധതി സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള പൊതുമേഖലയിലെയും സഹകരണ മേഖലയിലേയും എല്ലാ സ്പിന്നിംഗ് മില്ലുകളിലും നടപ്പാക്കുന്നതിന് 97.00 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കേരളത്തിലെ സ്വകാര്യ മേഖലയിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പ്രശ്നങ്ങളെക്കുറിച്ചും അവയിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ചും പഠിക്കുവാൻ ഒരു വിദഗ്ദ്ധസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ട് ഇനിയും ലഭിച്ചിട്ടില്ലാത്തിതിനാൽ സ്വകാര്യമേഖലയിലുള്ള സ്പിന്നിംഗ് മില്ലുകളുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തനത്തിനാവശ്യമായ തുക കണക്കാക്കിയിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള എൻ.ടി.സി മില്ലുകളിലെ നവീകരണ പദ്ധതി ചെലവുകൾ അറിയിച്ചിട്ടില്ല.

(സി)&(ഡി) കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് എന്നത് ഒരു സഹായനിധിയല്ല മറിച്ച് ടി പദ്ധതി പ്രകാരം ടെക്സ്റ്റയിൽ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിനായി പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ അനുവദിക്കുന്ന ദീർഘകാല വായ്പകൾക്ക് അഞ്ചു ശതമാനം പലിശ സബ്സിഡി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നതാണ്. ഇതിനു പുറമേ മറ്റ് യാതൊരു സഹായവും ടി പദ്ധതിയിൽ വിഭാവന ചെയ്തിട്ടില്ല. നവീകരണത്തിനുവേണ്ട ദീർഘകാലവായ്പകൾ, സംരംഭകൻ നേരിട്ട് ബാങ്കിന് നൽകേണ്ടതും, വായ്പ നേരിട്ട് സ്വീകരിക്കേണ്ടതുമാണ്. ഈ സാഹചര്യത്തിൽ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നുമുള്ള ധനസഹായത്തിന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടേണ്ടതില്ല.

45 (621) കയർമേഖലയുടെ വികസനം

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ കയർ റിസർച്ച് സെന്റർ ആരംഭിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) എക്കോ കയർ വില്ലേജുകൾ ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ;

(ഡി) എങ്കിൽ ഇവ ആരംഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; ഇവ ഏതെല്ലാം ജില്ലകളിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) കയർത്തൊഴിലാളികൾക്ക് പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) കയർഫെഡ് വഴി ആരംഭിക്കാൻ നടപടി എടുത്തുവരുന്നു.

(സി) പ്രഖ്യാപിച്ചിരുന്നു.

(ഡി) ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട പരിശോധിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) ഈ പദ്ധതി നടപ്പാക്കുന്നത് തൊഴിൽ വകുപ്പാണ്. അടുത്ത സാമ്പത്തികവർഷം മുതൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

46 (622) കയറിന്റെ തറവില

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly